# ഒരു അവലോകനം:
# സാഹിത്യചർച്ചാവേദികളും പ്രസ്ഥാനങ്ങളും രൂപപ്പെട്ട വഴികൾ

**ജോൺ മാത്യു**

(അമേരിക്കയിൽ സാഹിത്യ ചർച്ചാവേദികൾ രൂപപ്പെട്ട വഴികളിലൂടെ ഒരു യാത്ര. ലാന (ലിറ്റററി അസ്സോസിയേഷൻ ഓഫ് നോർത്ത് അമേരിക്ക) നിയമപരമായി ഒരു സംഘടനയായതിന്റെ പശ്ചാത്തലമാണ് ഇവിടെ വിഷയം. പിന്നീടുള്ള സംഭവവികാസങ്ങൾ അതതു കാലത്തെ സംഘടനാ ഭാരവാഹികൾ എഴുതുമെന്ന് കരുതുകയാണ്.)

**ആരും ശ്രദ്ധിക്കപ്പെടാതെ** കടന്നുപോയ ഒരു ദിവസം 1968 ജൂലൈ ഒന്ന്. അന്നത്തെ മലയാള ദിനപ്പത്രങ്ങളിലൊന്നും തന്നെ പില്ക്കാലങ്ങളിൽ കേരളീയ ജീവിതത്തെ മാറ്റിമറിച്ച ആ തീരുമാനത്തിന്റെ വാർത്ത പ്രത്യക്ഷപ്പെട്ടു കാണുകയില്ല.

യൂറോപ്യേതര രാജ്യങ്ങളിൽ നിന്ന്, ചികിത്സാരംഗം ഉൾപ്പെടെ, ചില തൊഴിലിൽ പ്രാവീണ്യം നേടിയവർക്കും അവരുടെ കുടുംബാംഗങ്ങൾക്കും അമേരിക്കൻ ഐക്യനാടുകളിലേക്ക് കുടിയേറാമെന്ന നിയമം പ്രാബല്യത്തിൽ വന്നത് ജൂൺ മുപ്പതിന്. ഏതാണ്ട് ഒരു ദശാബ്ദക്കാലത്തെ ചർച്ചകൾക്ക് ശേഷം സെനറ്റിന്റെ തൊണ്ണൂറ്റിയെട്ടു ശതമാനം വോട്ടോടുകൂടി അത് അംഗീകാരം നേടി. ആ പ്രമാണത്തിൽ പ്രസിഡന്റ് ലിൻഡൻ ജോൺസൺ ഒപ്പുവെച്ചു.

തുടക്കത്തിൽ ഈ നിയമത്തിന്റെ സാദ്ധ്യതകൾ യാഥാർത്ഥ്യത്തിൽ കണ്ടറിഞ്ഞത് ചില 'പാവം' ട്രാവൽ ഏജന്റുമാരായിരുന്നു. അത് വാസ്തവത്തിൽ ഒന്നോ രണ്ടോ ടിക്കറ്റ് വില്ക്കാൻ കഴിയുന്ന 'സാദ്ധ്യത' മാത്രമായിരുന്നു. സ്ഥിരമായ കേന്ദ്രസർക്കാർ ഉദ്യോഗങ്ങൾ വലിച്ചെറിഞ്ഞ്, 'കാട്ടിലെ പക്ഷിയെ പിടിക്കാൻ', മറ്റൊരു രാജ്യത്തേക്ക് കുടിയേറാൻ പലരും മടിച്ചു! ഉപരി പഠനത്തിനായിരുന്നല്ലോ അക്കാലത്തെ അമേരിക്കൻ യാത്രകൾ അധികവും. 'വിമാനമാർഗ്ഗം അമേരിക്കയിലേക്ക്' എന്ന വാർത്താ- പരസ്യം ഇന്നും പലർക്കും ഓർമ്മയുണ്ടായിരിക്കും!

എൺപതുകളുടെ തുടക്കമായപ്പോഴേക്കും കുടിയേറ്റം ഒരു 'ഗോൾഡ് റഷ്' ആയി മാറി. എങ്കിലും സമൂഹത്തിൽ ഇതൊരു ചലനമാകാൻ വീണ്ടും ഒരു ദശാബ്ദം കൂടി കാത്തിരിക്കേണ്ടതായി വന്നു.

അക്കാലത്ത് 'പ്രവാസി' എന്നൊരു വാക്കു തന്നെ സാമൂഹിക മാധ്യമങ്ങളിൽ ഉപയോഗിച്ചിരുന്നില്ല. ബൈബിൾ വായനക്കാർക്കു മാത്രം പരിചയമുള്ള വാക്കായിരുന്നു ഇത്. നിർബന്ധമായി പിടിച്ചു കെട്ടിക്കൊണ്ട് പോകപ്പെട്ടവർ! തങ്ങളുടെ സ്വന്തം ദേശത്തേക്ക് ഏതു നിമിഷവും മടങ്ങിപ്പോകാൻ, ആ ദേശത്തിന്റെ മനോഹാരിത സ്വപ്നം കണ്ടുകൊണ്ട്, ആഗ്രഹിച്ചിരിക്കുന്നവർ. ഇതാണ് പ്രവാസി എന്ന വാക്കിനു കല്പിച്ചിരുന്ന നിർവ്വചനം.

കേരളത്തിനു പുറത്ത് ജീവിക്കുന്ന മലയാളികളെല്ലാം 'മറുനാടന്മാർ'. അത് ദക്ഷിണ മധുരാപുരിയിലായാലും ഉത്തരമധുരാപുരിയിലായാലും! അമ്പതുകളിലെയും അറുപതുകളിലെയും കഥകൾ, പ്രത്യേകിച്ച് പട്ടാളക്കഥകൾ, ആ മറുനാടൻ ജീവിതത്തിന്റെ വിവിധ മുഖങ്ങൾ

ചിത്രീകരിച്ചിരുന്നു. 'നിണമണിഞ്ഞ കാല്പാടുകൾ', 'പണിതീരാത്ത വീട്' തുടങ്ങിയ കഥകൾ പലരുടേയും ഓർമ്മയിൽ ഇന്നും ഉണ്ടായിരിക്കും. മാമലകൾക്കപ്പുറത്ത്..... എന്ന ഗാനം മറുനാടന്മാരുടെ 'ദേശീയഗാന'മായിപ്പോലും അംഗീകരിക്കപ്പെട്ടിരുന്നു. മറുനാടൻ എഴുത്തുകാരായി അന്ന് അറിയപ്പെട്ടിരുന്നവർ പാറപ്പുറം, നന്തനാർ, പവനൻ, പമ്മൻ, കോവിലൻ തുടങ്ങിയവരും. പ്രധാനപ്പെട്ട മറുനാടൻ പ്രസിദ്ധീകരണം മദ്രാസിൽ നിന്നുണ്ടായിരുന്ന 'ജയകേരളം' മാസികയും!

ഇന്ത്യയിൽ എവിടെയാണെങ്കിലും മലയാളി കൂടുന്നിടത്തെല്ലാം ഒരു 'സമാജം' ഉണ്ടായിരിക്കും. ഗാനമേള, നാടകാവതരണം തുടങ്ങിയവ ഒഴിച്ചുകൂടാത്തതും. ഈ സംഘടനാ സംസ്ക്കാരം മലയാളി രക്തത്തിൽ അലിഞ്ഞു ചേർന്നിരിക്കുന്നു.

ഇതിനിടെ തൊഴിൽതേടിയുള്ള വിദേശ യാത്രകളും ഉണ്ടായിരുന്നു. ആദ്യകാലങ്ങളിലെ സിലോൺ, ബർമ്മ, മലയ, സിംഗപ്പൂർ വാതിലുകൾ അടഞ്ഞു. പിന്നീടു തുറക്കപ്പെട്ടത് 'പേർഷ്യ' അഥവാ ഇന്നത്തെ ഗൾഫുനാടുകൾ. അക്കൂട്ടർ അറിയപ്പെട്ടിരുന്നത് മറുനാടനായല്ല, വിദേശിയായല്ല, കുടിയേറ്റക്കാരുമല്ല, പ്രവാസിയുമല്ല. ഓടിപ്പോയി ഓടി മടങ്ങിവരുന്നവർ! കിട്ടുന്ന ജോലി ചെയ്ത് അല്പം കാശുണ്ടാക്കി ജീവിതം സുരക്ഷിതമാക്കാൻ മാത്രം ആഗ്രഹിച്ചിരുന്നവർ.

ഇതിനിടെ ജർമ്മനിയിലേക്കും കാനഡയിലേക്കും യാത്രകൾ ചിലർക്ക് തരപ്പെട്ടു. എക്സേഞ്ച് പ്രോഗ്രാമിൽ കുറേപ്പേർ യുണൈറ്റഡ് സ്റ്റേറ്റ്സിലും വന്നു. പക്ഷേ, ഇതൊന്നും ഇമ്മിഗ്രേഷനായി, ഒരു കുടിയേറ്റമായി, കണക്കാക്കപ്പെട്ടിരുന്നുമില്ല.

എഴുപതുകളുടെ തുടക്കമായപ്പോഴേക്കും സാധാരണ പ്രഫഷണൽ ജോലിക്കാർ കുടിയേറ്റ ഭേദഗതി നിയമത്തിന്റെ പിൻബലത്തിൽ അമേരിക്കയിലേക്ക് വരാൻ തുടങ്ങി. ഇന്ത്യയിലെ വൻ നഗരങ്ങളിൽ നിന്നായിരുന്നു ഈ പ്രയാണം ആരംഭിച്ചത്. അവർ കൊണ്ടുവന്നത് മറുനാടൻ രീതികളുടെ തുടർച്ചയും.

ഞാനിന്നും ഓർക്കുന്നു 1974 ഓണക്കാലം. സെപ്റ്റംബർ മാസം. ഡിട്രോയ്റ്റിലെ കാസ് റോഡിൽ, വെയ്ൻസ്റ്റേറ്റ് കലാശാലക്ക് സമീപമുള്ള മെത്തഡിസ്റ്റ് പള്ളിയുടെ ബേസ്മെന്റിലെ ഓണസദ്യയും തുടർന്ന് കേരള ക്ലബ്ബ് രൂപീകരിച്ചതും. ഈ ലേഖകൻ അക്കാലയളവിൽ ക്ലബ്ബിന്റെ ജോയിന്റ് സെക്രട്ടറിയായി പ്രവർത്തിച്ചതും. ന്യൂ ഡൽഹിയിലെ കേരള ക്ലബ്ബിന്റെ ചുവടുപിടിച്ചു തന്നെയാണ് ഡിട്രോയ്റ്റിലും ആ പേര് സ്വീകരിച്ചത്. അതിനോടൊപ്പം സാഹിതീസഖ്യത്തിന്റെ ഏകദേശ മാതൃകയിൽ ഡോ. ജോസഫ് വറുഗീസിന്റെ നേതൃത്വത്തിൽ ചർച്ചാ സമ്മേളനവും തുടങ്ങി. ഒരു സമ്മിശ്ര 'മറുനാടൻ' ശൈലിയിലുള്ള പ്രവർത്തനം. അലക്സാണ്ടർ മാപ്ളേടന്റെ ഗാനമേളകളും, മലയാളം സിനിമ പ്രദർശനങ്ങളും ഓണസദ്യയും ഡിട്രോയ്റ്റിലെ മലയാളി ജീവിതത്തിനു നിറപ്പകിട്ടേകി. മറ്റ് അമേരിക്കൻ നഗരങ്ങളിലും മലയാളികൾ ഏതാണ്ട് ഇങ്ങനെ തന്നെ ആയിരുന്നുവെന്നു വേണം കരുതാൻ!

എൺപതുകളുടെ തുടക്കമായപ്പോഴേക്കും മലയാളി സമൂഹം മാറ്റങ്ങൾക്കു വിധേയമായി. അപ്പാർട്ടുമെന്റുകളിൽ നിന്ന് നഗരപ്രാന്തങ്ങളിലെ വീടുകളിലേക്ക്, മറ്റു ചിലർ പുതിയ മേച്ചിൽപ്പുറങ്ങളിലേക്ക്, മഞ്ഞിൽ നിന്ന് മോചനം തേടി തെക്കൻ സംസ്ഥാനങ്ങളിലേക്കും!

നേരത്തെ പറഞ്ഞ മറുനാടൻ ജീവിതശൈലി അല്പം കൂടി തനിമയാർന്നതായിരുന്നു ഹൂസ്റ്റനിൽ. അവിടെ സ്ഥിരം നാടകവേദി ഉണ്ടായിരുന്നു. മലയാളം പ്രസിദ്ധീകരണങ്ങളും. അക്കാലത്ത് 'കുട്ടനാടൻ' എന്ന തൂലികാനാമത്തിൽ എഴുതിയ കഥയാണ് 'ഇരിക്കെപ്പൈലകുളി'. മറുനാടൻ ഓർമ്മയിൽ നിന്നും പുതിയ കുടിയേറ്റ ശൈലിയിലേക്ക് മാറിക്കൊണ്ടിരുന്ന സാമൂഹിക ജീവിതത്തിന്റെ മികച്ച ഉദാഹരണം.

അനൗപചാരികമായി 'കോഫീക്ലാഷ്' എന്ന പേരിൽ ഒരു സാഹിത്യ ചർച്ചാവേദി ഹൂസ്റ്റനിൽ നടന്നിരുന്നു. നേതൃത്വം കൊടുത്തത് വറുഗീസ് കാംബലത്ത്. വായിച്ച പുസ്തകങ്ങളുടെ ചർച്ചകളായിരുന്നു പ്രധാനമായും. അക്കാലത്ത് ഞാൻ പരിചയപ്പെട്ട സാമൂഹിക സാഹിത്യ കലാ പ്രവർത്തകരായിരുന്നു ടി.എ. മാത്യു, ജോർജ്ജ് മണ്ണിക്കരോട്ട്, എസ്.കെ. പിള്ള, ഷാജി പാംസ് ആർട്ട്, കറിയാച്ചൻ, തുടങ്ങിയവർ. ഉപാസന മാസിക പത്രാധിപർ ഗോപാലപിള്ളയും കാർട്ടൂണിസ്റ്റ് മനു മാത്യുവും നേരത്തെ തന്നെ സുഹൃത്തുക്കളും.

കോഫീക്ലാഷിന്റെയും ഉപാസന മാസികയുടേയും പ്രവർത്തനം മുടങ്ങി. തുടർന്ന് സാഹിത്യ ചർച്ചകൾക്കുവേണ്ടി കേരള റൈറ്റേഴ്സ് ഫോറം എന്ന സംഘടനക്ക് രൂപം നല്കി. മുൻനിരയിൽ മാത്യു നെല്ലിക്കുന്ന്, സുഗുണൻ ഞെക്കാട്, മാത്യു മത്തായി, ഡോ. സണ്ണി എഴുമറ്റൂർ തുടങ്ങിയവർ തുടക്കം മുതലേ ഈ സംഘടനക്ക് നേതൃത്വം കൊടുത്തു. സാഹിത്യ ചർച്ചകൾ ന്യൂഡൽഹി സാഹിതീസഖ്യ മാതൃകയിലായിരുന്നു. ഇത് 1989 സെപ്റ്റംബർ മാസത്തിൽ.

സാഹിത്യ കൂട്ടായ്മകൾ ഒരു നിമിഷംകൊണ്ട് ആരും തുടങ്ങിവെച്ചതല്ല. സമാന ചിന്തയും മനസ്സും ഉള്ളവരുടെ ആത്മപ്രചോദിതമായ കൂടിവരവുകളായിരുന്നു ഈ കൂട്ടായ്മകൾ. കഴിഞ്ഞ നൂറ്റാണ്ടിന്റെ മുപ്പതുകളിലും നാല്പതുകളിലും ആണല്ലോ ഇന്നത്തെ രീതിയിലുള്ള ശൈലി രൂപപ്പെട്ടുവന്നത്. ഇതിനു തുടക്കം കുറിച്ചവരായിരുന്നു കേസരി ബാലകൃഷ്ണപിള്ളയും പ്രൊഫസർ എം.പി. പോളും. മലയാളത്തിൽ കഥ, നോവൽ, നിരൂപണ ശാഖകൾ രൂപപ്പെടുത്താൻ ഇവർ ചെയ്ത സേവനങ്ങൾ ഒരിക്കലും മറക്കാൻ കഴിയുകയില്ല. ഇവരുടെ മേൽനോട്ടത്തിൽത്തന്നെയായിരുന്നു സാഹിത്യസദസ്സുകൾ അക്കാലങ്ങളിൽ പ്രവർത്തിച്ചിരുന്നത്.

ഇതിനു മുമ്പുതന്നെ, കാലാകാലങ്ങളായി മലയാള ഗദ്യസാഹിത്യ വളർച്ചയിൽ നിർണ്ണായക പങ്കു വഹിച്ചവരായിരുന്നു ക്രൈസ്തവ മിഷനറിമാരും മറ്റു സാമൂഹിക പ്രവർത്തകരും. തുടർന്ന് സോഷ്യലിസ്റ്റ്, കമ്മ്യൂണിസ്റ്റ് ആവേശം കാല്പനികതയും പുരോഗമന ആശയങ്ങളും ചേർന്ന് എഴുത്തിന്റെ കാര്യത്തിൽ ഒരു വൻ കുതിപ്പുതന്നെ ഉണ്ടാക്കി.

ഈ കാലഘട്ടത്തിന്റെ പ്രത്യേകത കാല്പനികതക്കും സോഷ്യലിസ്റ്റ് ആശയങ്ങൾക്കും ഒപ്പം ജനപ്രിയ എഴുത്തും ചേർന്നതാണ്. വായന സാധാരണ ജനങ്ങളിലേക്ക് ഇറങ്ങിച്ചെന്നു. പൾപ്പ്, പൈങ്കിളി തുടങ്ങിയ വിശേഷണങ്ങൾ ചേർത്താലും വേണ്ടില്ല, രാഷ്ട്രീയ ആവേശം കലർത്തിയാലും വേണ്ടില്ല, വായനയുടെ ലോകത്ത് അഭൂതമായ കുതിപ്പുതന്നെയാണ് അനുഭവപ്പെട്ടത്.

ഈ പ്രളയം കൗതുകപൂർവ്വം നോക്കി നിന്നവരും ഉണ്ടായിരുന്നു. സാംസ്ക്കാരിക, സാമൂഹിക, സാമ്പത്തിക, മാനസിക മൃദുലഭാവങ്ങൾക്കും ദാരിദ്ര്യത്തിന്റെ രാഷ്ട്രീയവൽക്കരണത്തിനും അതീതമായി മറ്റു പലതും ചർച്ച ചെയ്യാനുണ്ടെന്ന് ഇക്കൂട്ടർ ദൃഢമായി വിശ്വസിച്ചു യൂറോപ്പിലുണ്ടായ

ആധുനിക ചിന്തകളെയും ഇവർ കൂട്ടുപിടിച്ചു. ഏതാനും പേരുകൾ: പോഞ്ഞിക്കര റാഫി, സി.ജെ. തോമസ്, അയ്യപ്പപ്പണിക്കർ, പിന്നെ ഒരിക്കലും മറക്കാനാവാത്ത എം. ഗോവിന്ദനും.

നേരത്തെ തുടങ്ങിവെച്ച സാഹിത്യ സദസ്സ് വഴിതിരിച്ചുവിട്ട് 'ആധുനികത'യുടെ സങ്കല്പവും സ്വതന്ത്രചിന്തയും പകർന്നു നല്കിയത് എം. ഗോവിന്ദനായിരുന്നു. ഈ പ്രസ്ഥാനം കേരളത്തിൽ നിന്ന് മദിരാശി വഴി ഡൽഹിയിലെ ചെറുപ്പക്കാരായ എഴുത്തുകാരുടെ പക്കൽ എത്തിച്ചേർന്നത് മറ്റൊരു കഥ.

അല്പം പിന്നോട്ടു പോയാൽ - കാല്പനികത, രാഷ്ട്രീയ രംഗത്തെ സോഷ്യലിസം ഇവ സാധാരണ മനുഷ്യനിലേക്ക് സാഹിത്യത്തെയും കലകളെയും എത്തിച്ചു. ആധുനികതയെന്ന പ്രസ്ഥാനം മനുഷ്യമനസ്സിന്റെ കലാപങ്ങളിലേക്കും, ഉത്തരാധുനികത വിഭ്രാന്തികളിലേക്കും. ഇന്നത്തെ മനോഹരങ്ങളായ ആഖ്യാന വൈവിദ്ധ്യങ്ങളിലേക്കും!

മലയാളത്തിൽ ആധുനികത തത്വശാസ്ത്രപരമായി നിർവ്വചിക്കപ്പെട്ടില്ല. പഴയതിൽ നിന്ന് ഒരു ഒളിച്ചോട്ടം, ഒരു ഫാഷൻ, യൂറോപ്പിനെ വികൃതമായി അനുകരിച്ചത്. എങ്കിലും ഇത് ചലനങ്ങൾ സൃഷ്ടിച്ചു, നമ്മെ പുതിയ തലങ്ങളിലേക്ക് നയിച്ചു.

അന്നത്തെ കേരളീയ രാഷ്ട്രീയ നീക്കങ്ങളുടെ കാർബൺ കോപ്പിയായിരുന്നു ഡൽഹിയിലെ ചില മലയാള സംഘടനകൾ. മറുനാടൻ ശൈലിയും കാല്പനികതയും 'പുരോഗമന' ചിന്തയും ചേർത്ത് കമ്മ്യൂണിസ്റ്റ് നിയന്ത്രണത്തിലായിരുന്നു ഡൽഹി മലയാളി അസ്സോസിയേഷൻ. ഗാനമേള, നാടകാവതരണം തുടങ്ങി ജനകീയ കലാവിഷ്ക്കരണങ്ങളിലൂടെ അവർ സജ്ജീവമായി. എന്നാൽ കേരള ക്ലബ്ബ് ആഢ്യത്വം പുലർത്തിയിരുന്ന സംഘടനയും. ഈ ആഢ്യത്വ സ്വഭാവമാണ് കമ്മ്യൂണിസ്റ്റ് വിരുദ്ധമെന്ന് കരുതപ്പെട്ടിരുന്ന 'ആധുനിക' ചർച്ചകളിലേക്ക് കേരള ക്ലബ്ബിന്റെ നിയന്ത്രണത്തിലുണ്ടായിരുന്ന സാഹിതീസഖ്യവും സ്വീകരിച്ചത്.

സാഹിതീസഖ്യത്തിന്റെ, ആധുനിക സങ്കല്പമില്ലാത്ത, തുടർച്ച തന്നെയായിരുന്നു അമേരിക്കയിലെ സാഹിത്യ ചർച്ചാവേദികൾ, മറുനാടൻ നവോത്ഥാനത്തിന്റെ ശേഷിപ്പായി അമേരിക്കയിലെ 'സമാജങ്ങളും'!

എൺപതുകൾ ആയപ്പോഴേക്കും ആദ്യ കുടിയേറ്റക്കാർ ഒന്നു കാലുറപ്പിച്ചു. ഉൾനഗരങ്ങളിലെ കൂറകൾ നിറഞ്ഞ അപ്പാർട്ടുമെന്റുകളിൽ നിന്ന് തുറന്ന പ്രാന്തങ്ങളിലേക്ക് മാറിത്താമസിച്ചു. തൊഴിൽ രംഗത്തും സുസ്ഥിരത കൈവരിച്ചു. കുട്ടികൾ വളർന്നു തുടങ്ങി. പ്രാദേശികമായി മലയാളം പ്രസിദ്ധീകരണങ്ങളും.

ന്യൂയോർക്കിൽ നിന്ന് പ്രസിദ്ധീകരിച്ചിരുന്ന 'മലയാളം പത്ര'മാണ് സാഹിത്യ സംവാദങ്ങൾക്ക് ഏറെ കരുത്ത് നല്കിയത്. ഹൂസ്റ്റനിലെ കേരള റൈറ്റേഴ്സ് ഫോറത്തിന്റെ ചർച്ചാവേദികളിൽ മലയാളം പത്രത്തിൽ പ്രസിദ്ധീകരിച്ച കൃതികൾ പലപ്പോഴും ചർച്ചക്ക് എടുക്കാറുണ്ടായിരുന്നു. ഇക്കാലയളവിൽത്തന്നെ ചാക്കോ ശങ്കരത്തിലിന്റെ പത്രാധിപത്യത്തിൽ ഫിലാദൽഫിയയിൽ നിന്ന് പ്രസിദ്ധീകരിച്ചിരുന്ന 'രജനി മാസിക'യുടെയും സേവനങ്ങൾ എടുത്തു പറയേണ്ടതായുണ്ട്.

മലയാളികളുടെ കൂട്ടമായ കുടിയേറ്റത്തിനും അവരുടെ സംഘടനാ രീതികൾക്കും അര നൂറ്റാണ്ടു പ്രായമെത്തിയിരിക്കുന്നു. കുടിയേറ്റ എഴുത്തുകൾക്ക് നാലു പതിറ്റാണ്ടും! ഇതിനിടെ നമ്മുടെ സമൂഹം കുറെയേറെ പടവുകൾ ചവുട്ടിക്കയറി. ഒരു തലമുറക്കാലം കൃത്യമായി കഴിഞ്ഞു. മറ്റൊരു തലമുറ വളർന്ന് സ്വന്തം ലോകം സൃഷ്ടിച്ചു. ഇനിയുമൊരു മൂന്നാം തലമുറ കലാശാലകളിലും!. നാലാം തലമുറയെ കാണാൻ ഭാഗ്യം സിദ്ധിച്ച അപൂർവ്വം ചിലരും!

ഏതാനും നാളുകൾ മുമ്പ് ഇവിടെ ആരോ ഒരു ചർച്ച തുടങ്ങിവെച്ചു. അമേരിക്കയിലെ 'കുടിയേറ്റ എഴുത്തുകൾ' മലയാളത്തിലെ ഒരു പ്രത്യേക സാഹിത്യശാഖയല്ലെന്ന്. കുടിയേറ്റം അതിന്റെ ഒന്നാം ദിനം മുതൽ കണ്ട ഒരു വ്യക്തി എന്ന നിലയിൽ, അമ്പതോളം വർഷം അമേരിക്കയിൽ ജീവിക്കയും എന്നും പ്രസ്ഥാനങ്ങളുടെ ഒപ്പം ഉണ്ടായിരിക്കയും ചെയ്ത ഒരു വ്യക്തിയെന്ന നിലയിൽ പറയട്ടെ അമേരിക്കയിലെ മലയാളം എഴുത്ത്, അമേരിക്കയിലേക്കുണ്ടായ കുടിയേറ്റ ജീവിതത്തിന്റെ കഥ മലയാള സാഹിത്യത്തിലെ ഒരു പാഠഭേദമാണ്. ഈ കുടിയേറ്റ പശ്ചാത്തലത്തിൽ നൂറുകണക്കിനു നോവലുകളും നാടകങ്ങളും ആയിരക്കണക്കിനു കഥകളും കവിതകളും ഇവിടെ നിന്നും എഴുതപ്പെട്ടു. ലേഖനങ്ങൾ വേറെയും. ആരുടെയും പേരുകൾ എടുത്തു പറയുന്നില്ല.

തികച്ചും അപൂർവ്വമായി സംഭവിക്കുകയും മനുഷ്യ ജീവിതത്തിൽ, ഭാഷയിൽ കാതലായ മാറ്റം ഉണ്ടാക്കുകയും ചെയ്ത ഈ മനുഷ്യ നീക്കങ്ങളുടെ വ്യത്യസ്ത ഭാവങ്ങൾ വിവരിക്കുന്ന കൃതികൾ ചർച്ച ചെയ്യേണ്ടുന്ന കാലം അതിക്രമിച്ചിരിക്കുന്നു. എന്തായാലും ഈ കൃതികൾ മലയാള സാഹിത്യത്തിന്റെ മുഖ്യധാരയിൽ നിന്ന്, അംഗീകരിക്കപ്പെട്ട പ്രസ്ഥാനങ്ങളിൽ നിന്ന്, വ്യത്യസ്തമാണ്. പഠനങ്ങൾ നമ്മുടെ ഭാവി തലമുറകൾക്കും കലാശാലകൾക്കും വിട്ടുകൊടുക്കാം. ഒരു പാഠഭേദം സൃഷ്ടിച്ച, വ്യത്യസ്ത പാതകൾ വെട്ടിത്തുറന്ന, നമ്മുടെ എഴുത്തുകാർക്ക് നന്ദി രേഖപ്പെടുത്തുക മാത്രമാണ് ഇവിടെ ചെയ്യാൻ കഴിയുക.

ഈ ലേഖനത്തിന്റെ പരിധി ഒരു കേന്ദ്രീകൃത ചർച്ചയുടെ തുടക്കം വരെയാണ്. അതു തുടരട്ടെ.

തൊണ്ണൂറുകളുടെ ആദ്യവർഷങ്ങളിലെന്നോ ന്യൂയോർക്കിൽ നിന്ന് പ്രസിദ്ധീകരിച്ചിരുന്ന മലയാളം പത്രത്തിന്റെ കോളങ്ങളിലൂടെ, അധികമാരും ശ്രദ്ധിക്കാതിരുന്ന ഒരു ചർച്ച, ഏതാനും പേർ തുടങ്ങിവെച്ചു. അന്നത്തെ ചർച്ചയിൽ പങ്കെടുത്തിരുന്നവർ ന്യൂയോർക്കിൽ നിന്ന് ഫാദർ സെഡ് എം. മൂഴൂർ, ഡാളസിൽ നിന്ന് ജോസഫ് നമ്പിമഠം, ഹൂസ്റ്റനിൽ നിന്ന് ഈ ലേഖകനും. ഞങ്ങളെല്ലാം ഒരുപോലെ ആഗ്രഹിച്ചു അമേരിക്കയിൽ മലയാള എഴുത്തിന്റെ വളർച്ചയും പ്രശ്നങ്ങളും ചർച്ച ചെയ്യാൻ ഒരു കേന്ദ്രസംഘടന വേണമെന്ന്. അപ്പോഴേക്കും അമേരിക്കയിലെ വൻ നഗരങ്ങളിലെങ്കിലും മലയാള സാഹിത്യ ചർച്ചകൾക്കുള്ള സംഘടിത ശ്രമം തുടങ്ങിക്കഴിഞ്ഞിരുന്നു. ഇതൊന്ന് കൂട്ടിയോജിപ്പിക്കുക, എഴുത്തുകാർ തമ്മിൽ പരിചയപ്പെടുക തുടങ്ങിയവ മാത്രമായിരുന്നു അന്ന് ഞങ്ങളുടെ ലക്ഷ്യം.

ഇതിനകം സാമൂഹിക രംഗത്ത് 'ഫൊക്കാന' രൂപംകൊണ്ടു. അവരുടെ ഒന്നോ രണ്ടോ സമ്മേളനങ്ങളും നടന്നു. വാഷിംഗ്ടൺ ഡി.സി.യിൽ ഉടനെ മറ്റൊരു സമ്മേളനത്തിനു ഒരുക്കങ്ങൾ പൂർത്തിയായിക്കൊണ്ടിരുന്നു. ഡോ. എം.വി. പിള്ളയും ഡോ. പി.സി. നായരും ഇതിന്റെ ചുമതല

ഏറ്റെടുത്തു. ഈ സംരംഭം വിജയിപ്പിക്കുന്നതിന് ഡോ. എം.വി. പിള്ള അമേരിക്കയിലെ എഴുത്തുകാരെ സമീപിച്ചു. അങ്ങനെ അദ്ദേഹം ഹൂസ്റ്റനിലും എത്തി.

മലയാളത്തിലെ പ്രമുഖ എഴുത്തുകാരെ പങ്കെടുപ്പിച്ചുകൊണ്ടായിരുന്നു സമ്മേളനം. എം.ടി. വാസുദേവൻ നായർ, ഒ.എൻ.വി. കുറുപ്പ്, സുഗതകുമാരി, കാക്കനാടൻ തുടങ്ങിയവർ അതിഥികളായി വന്നുചേർന്നു. സന്ദർഭവശാൽ പറയട്ടെ ഹൂസ്റ്റനിലെ റൈറ്റേഴ്സ് ഫോറത്തിന്റെ പ്രതിനിധികളും കൂടാതെ ഫാദർ സെഡ്, എം. മൂഴൂരും, ജോസഫ് നമ്പിമഠവും ഈ ലേഖകനും ആ സമ്മേളനങ്ങളിൽ പങ്കെടുത്തു. തുടർന്നും ഫൊക്കാന സമ്മേളനങ്ങളുമായി സഹകരിച്ചു പ്രവർത്തിക്കാനാണ് അനൗപചാരികമായി അന്ന് വിവിധ നഗരങ്ങളിൽ നിന്നെത്തിയ മലയാളം എഴുത്തുകാർ തീരുമാനിച്ചത്.

തൊണ്ണൂറ്റിനാലിലെ ഫൊക്കാന സമ്മേളനം കാനഡായിൽ ടൊറാന്റോ നഗരത്തിൽ നടന്നു. സാഹിത്യസമ്മേളനത്തിന്റെ സാരഥ്യം വഹിച്ചത് ജോൺ ഇളമതയായിരുന്നു. അവിടെയും അമേരിക്കയിലെ മലയാളം എഴുത്തുകാരുടെ സഹകരണം ഉണ്ടായി.

അടുത്ത ഡാളസ് സമ്മേളനത്തിന് വിപുലമായ സജ്ജീകരണങ്ങളായിരുന്നു ഒരുക്കിയത്. സാഹിത്യ ചർച്ചകളുടെ മുഖ്യാതിഥിയായി നോവലിസ്റ്റ് എം. മുകുന്ദനെ ക്ഷണിക്കാനും അദ്ദേഹത്തിന്റെ യാത്ര തരപ്പെടുത്താനും ഹൂസ്റ്റൻ റൈറ്റേഴ്സ് ഫോറം മുൻകൈ എടുത്തു.

മീറ്റിംഗുകൾ എല്ലാം ആർഭാടപൂർവ്വമായിരുന്നു. പക്ഷേ, എഴുത്തുകാർക്ക് എന്തോ പന്തികേട് അനുഭവപ്പെട്ടു. തങ്ങൾ ഒറ്റപ്പെട്ടതുപോലെ, സംഘടനാ മത്സരങ്ങളും സാഹിത്യവും ഒത്തുപോകാത്തതുപോലെ, എഴുത്തുകാരുടെ സ്വതന്ത്ര രീതികൾ നഷ്ടപ്പെട്ടതുപോലെ! ഫൊക്കാനാ സാമൂഹിക സമ്മേളനങ്ങളുടെ ആഘോഷ സ്വഭാവം സാഹിത്യചർച്ചകൾക്ക് ചേരുന്നതല്ലെന്നും തോന്നി. ഇതിനു മേമ്പൊടിയായി, ചില പ്രമുഖ എഴുത്തുകാർക്ക് താമസ സൗകര്യം നിഷേധിച്ചതു ചിലരെ റൂമിൽ നിന്ന് ഇറക്കിവിട്ടതും അവഹേളനമായി.

ഈ പശ്ചാത്തലത്തിലാണ് ഫൊക്കാന സമ്മേളനത്തിന്റെ കലാശദിവസം, അധികം പേരും മടക്കയാത്രക്ക് ഒരുങ്ങുന്നതിനിടയിൽ, ഫൊക്കാന പ്രതിനിധികൾ അടുത്ത വർഷത്തെ ഭാരവാഹികൾക്കുവേണ്ടിയുള്ള വാശിയേറിയ തെരഞ്ഞെടുപ്പു നാടകം അരങ്ങേറുന്നതിനിടയിൽ, മുപ്പതോളം എഴുത്തുകാർ ഡാളസിലെ അനാത്തോൾ ഹോട്ടലിന്റെ ബേസ്മെന്റിൽ ഒരു അടിയന്തര യോഗം ചേർന്നു. എഴുത്തുകാർക്ക് ഒരു സ്വതന്ത്ര കേന്ദ്രസംഘടന എന്നതു മാത്രമായിരുന്നു ചർച്ചാവിഷയം. അങ്ങനെ ഡോ. എം.എസ്.ടി. നമ്പൂതിരി ചെയർമാനായി സാദ്ധ്യതകൾ പഠിക്കാനും തുടർ നടപടികൾക്കും ഒരു അഡ്ഹോക്ക് കമ്മിറ്റിയും രൂപീകരിച്ചു.

കൃത്യം ഒരു വർഷത്തിനുശേഷം ഡാളസിൽത്തന്നെ ദേശീയ കൺവെൻഷൻ വിളിച്ചുകൂട്ടി. എല്ലാവരും ആഗ്രഹിച്ചിരുന്ന ദേശീയ സംഘടനക്ക് രൂപം കൊടുക്കുന്നതായിരുന്നു ലക്ഷ്യം. വിവിധ സംസ്ഥാനങ്ങളിൽ നിന്നുള്ള പ്രതിനിധികൾ പങ്കെടുത്ത ആ യോഗം ഡാളസിലെ കേരള സെന്ററിൽ ഏബ്രാഹം തെക്കേമുറിയുടെ അദ്ധ്യക്ഷതയിൽ ചേർന്നു. തുടർന്ന് നിയമാവലി അംഗീകരിച്ചുകൊണ്ട് 'കേരള ലിറ്ററി അസ്സോസിയേഷൻ ഓഫ് നോർത്ത് അമേരിക്ക' എന്ന ദേശീയ കേന്ദ്ര സംഘടനക്ക്

അന്ന് രൂപം കൊടുത്തു. ഡോ. എം.എസ്.ടി. നമ്പൂതിരി പ്രസിഡന്റായും ജോസഫ് നമ്പിമഠം സെക്രട്ടറിയായും ന്യൂയോർക്കിൽ നിന്നു വന്ന പ്രതിനിധി സി.എം.സി. ട്രഷററായും രണ്ടു വർഷത്തേക്കുള്ള ഭാരവാഹികളെയും അന്ന് തെരഞ്ഞെടുത്തു.

---